# India Australia Circular Economy Hackathon (I-ACE)

February 19, 2021

# ഇന്ത്യ ഓസ്‌ട്രേലിയ സർക്കുലർ ഇക്കോണമി ഹാക്കത്തോൺ (I-ACE)

ഫെബ്രുവരി 19, 2021

ഇന്ത്യ ഓസ്‌ട്രേലിയ സർക്കുലർ ഇക്കോണമി ഹാക്കത്തോണിലെ (I-ACE) പങ്കാളികൾക്ക് സമ്മാനം നൽകുന്നതിനായി 2021 ഫെബ്രുവരി 19 ന് വിർച്വൽ രീതിയിൽ നടന്ന ചടങ്ങിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയും ഓസ്‌ട്രേലിയൻ പ്രധാനമന്ത്രിയായ ശ്രീ സ്‌കോട്ട് മോറിസോൺ എം പി യും ആശംസകൾ അറിയിച്ചു.ഓസ്‌ട്രേലിയ വ്യവസായം, ശാസ്ത്രം കൂടാതെ സാങ്കേതികത എന്നീ വകുപ്പുകളുടെ മന്ത്രിയായ ശ്രീ കാറെയ്ൻ ആൻഡ്രൂസ് എം പി യും ഇന്ത്യൻ സർക്കാരിന്റെ ശാസ്ത്ര ഉപദേഷ്ടാവായ പ്രൊഫ. കെ വിജയരാഘവനും ചടങ്ങിൽ സംസാരിച്ചു.

2020 ജൂൺ 4 ന് നടന്ന ഇന്ത്യയുടെയും ഓസ്‌ട്രേലിയയുടെയും പ്രധാനമന്ത്രിമാർ തമ്മിലുള്ള ഇന്ത്യ-ഓസ്‌ട്രേലിയ വെർച്വൽ ലീഡേഴ്‌സ് ഉച്ചകോടിയിലാണ് ഇന്ത്യ ഓസ്‌ട്രേലിയ സർക്കുലർ ഇക്കണോമി ഹാക്കത്തോൺ (ഐ-എസിഇ) എന്ന ആശയം ഉരുത്തിരിഞ്ഞത്.

ഭക്ഷ്യവ്യവസ്ഥ മൂല്യ ശൃംഖലയിലുടനീളം ഒരു സർക്കുലർ സമ്പദ് വ്യവസ്ഥയുടെ വികസനത്തിനായി ഇരു രാജ്യങ്ങളിലെയും വിദ്യാർഥികൾ / എം എസ് എം ഇ കൾ എന്നിവരെ ക്ഷമതയുള്ളവരാക്കുക എന്ന ലക്ഷ്യത്തോടെ ഇന്ത്യയിലെ അറ്റൽ ഇന്നൊവേഷൻ മിഷൻ, എൻ ഐ ടി ഐ ആയോഗ് കൂടാതെ ഓസ്‌ട്രേലിയയിലെ കോമൺവെൽത്ത് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ച് ഓർഗനൈസേഷൻ (CSIRO) എന്നിവ സംയുക്തമായാണ് ഐ-എ സി ഇ ഹാക്കത്തോൺ സംഘടിപ്പിച്ചത്. . ഐ-എ സി ഇ ഹാക്കത്തോൺ നാല് വിഷയങ്ങളെ അഭിസംബോധന ചെയ്തിരുന്നു:

**പാക്കേജിംഗിലെ പുതുമ - പാക്കേജിങ് മാലിന്യങ്ങൾ കുറയ്ക്കുക**
**ഭക്ഷണ വിതരണ ശൃംഖലകളിലെ പുതുമ- മാലിന്യം ഒഴിവാക്കുക**
**പ്ലാസ്റ്റിക് മാലിന്യങ്ങൾ കുറക്കുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക**
**ഗൗരവതരമായ ഊർജ ലോഹങ്ങൾ- ഇ - മാലിന്യങ്ങൾ എന്നിവയുടെ പുനഃചംക്രമണം**

2020 ഒക്ടോബർ 16 നാണ് ഐ-എ സി ഇ ഹാക്കത്തോണിന് തുടക്കം കുറിച്ചത്. പ്രാരംഭ റൗണ്ടിൽ ഇന്ത്യയിൽ നിന്നും ഓസ്‌ട്രേലിയയിൽ നിന്നുമായി 1000 ത്തിലധികം രജിസ്ട്രേഷനുകളാണ് ലഭിച്ചത്. 2021 ഫെബ്രുവരി 9 നും 11 നും ഇടയിലായി നടന്ന ഫൈനൽ മത്സരങ്ങളിൽ ഇന്ത്യയിൽ നിന്നുള്ള 39 ടീമുകളിലും ഓസ്‌ട്രേലിയയിൽ നിന്നുള്ള 33 ടീമുകളിലുമായി 200 ൽ അധികം പേർ പങ്കെടുത്തു.

തീവ്രമായ അവസാന റൗണ്ടിൽ അവർ അഞ്ച് മാസ്റ്റർക്ലാസ് സെഷനുകൾ, മൂന്ന് പ്രത്യേകമായ മെന്ററിംഗ് സെഷനുകൾ, മൂന്ന് പ്രസന്റേഷൻ / ജൂറി മൂല്യനിർണ്ണയ സെഷനുകൾ എന്നിവയാണ് നേരിടേണ്ടി വന്നത്. നാല് വിഷയങ്ങളിലായി ഓരോന്നിനും ഇന്ത്യയിൽ നിന്നും ഓസ്‌ട്രേലിയയിൽ നിന്നുമുള്ള രണ്ട് സ്റ്റാർട്ടപ്പ് / എംഎസ്എംഇകളെയും രണ്ട് യൂണിവേഴ്സിറ്റി ടീമുകളെയും വീതം വിജയികളായി പ്രഖ്യാപിച്ചു.

അവർ കണ്ടെത്തിയ പരിഹാരങ്ങൾ ഉത്പന്നങ്ങളാക്കി മാറ്റാൻ പ്രാപ് തമാക്കുന്നതിന് വിജയികൾക്ക് അറ്റൽ ഇന്നൊവേഷൻ മിഷൻ, NITI ആയോഗ്, CSIRO ഓസ്‌ട്രേലിയ എന്നിവയുടെ നൂതന, അളവൊകന പരിസ്ഥിതികൾ പിന്തുണയ്ക്കുന്നതാണ്.

ഫെബ്രുവരി 19, 2021

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.